LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂരിലെ കണ്ടൽക്കാടുകളുടെയും പക്ഷിസങ്കേതത്തിന്റെയും സംരക്ഷണം

133(879) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ദേശാടന പക്ഷികളുടെ സങ്കേതമായ പോളച്ചിറ, ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കണ്ടൽക്കാടുകളുള്ള ഇത്തിക്കര യാറിന്റെയും മാലാക്കായലിന്റെയും തീരം എന്നിവ സംരക്ഷിക്കുന്നതിനായി വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ദേശാടന പക്ഷികളുടെ സങ്കേതമായ പോളച്ചിറയിൽ സന്നദ്ധ സംഘടനകളുമായി ചേർന്ന് എല്ലാ വർഷവും ദേശാടന സീസണിൽ പക്ഷി സർവ്വേ നടത്താറുണ്ട്. കണ്ടൽക്കാടുകളുള്ള ഇത്തിക്കര യാറിന്റെയും മാലാക്കായലിന്റെയും തീരം വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ അധീനതയിൽപ്പെടുന്നില്ല. ആയതിനാൽ ഈ പ്രദേശത്ത് സംരക്ഷണ പ്രവർത്തനമൊന്നും നടത്തിയിട്ടില്ല.

സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ

134(880) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര പുനർനിർമാണത്തിന്റെ ഭാഗമായി സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ലക്ഷ്യംവച്ച് സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. (കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്സ്) ആക്ട്), 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതിയുളളത്.